روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

# മലക്കുകളുടെ പ്രാർത്ഥന ലഭിക്കുന്നവർ

03/09/2021

sufaraulislam.com

بسم الله الرحمن الرحيم

മനുഷ്യരെപ്പോലെ അല്ലാഹുവിന്റെ മറ്റൊരു സൃഷ്ടിവിഭാഗമാണ് മലക്കുകൾ . പ്രകാശത്തിൽ നിന്നാണ് അവർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് .

തെറ്റ് ചെയ്യാനോ അനുസരണക്കേട് കാണിക്കാനോ അവർക്ക് സാധ്യമല്ല . അല്ലാഹുവിന് ഇബാദത്ത് ചെയ്യലും അവന്റെ കൽപ്പനകൾ അനുസരിക്കലുമാണ് അവരുടെ ജോലി .

لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿التحريم: ٦﴾

- മലക്കുകൾ സത്യവിശ്വാസികളിൽപെട്ട ചിലർക്കുവേണ്ടി പാപമോചനത്തിനായി പ്രാർത്ഥന നടത്തുന്നുണ്ട് .

وَالْمَلَائِكَةُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيَسْتَغْفِرُونَ لِمَن فِي الْأَرْضِ أَلَا إِنَّ اللَّهَ هُوَ الْغَفُورُ الرَّحِيمُ (الشورى: ٥)

- ഇബ്നു ബത്താൽ(റ) പറഞ്ഞു:

قال ابن بطال رحمه الله :وَمَعْلُومٌ أَنَّ دُعَاءَ المَلاَئِكَةِ مُجَابٌ

തീർച്ചയായും മലക്കുകളുടെ പ്രാർത്ഥന ഉത്തരം ലഭിക്കപ്പെടുന്ന (പ്രാർത്ഥനയാണെന്നത്) അറിയപ്പെട്ട കാര്യമാണ്. (ശറഹ് സ്വഹീഹുൽ ബുഖാരി)

- **ആർക്കാണ് മലക്കുകളുടെ പ്രാർത്ഥന ലഭിക്കുക?**

മലക്കുകൾ ഏതൊക്കെ സൽകർമ്മങ്ങൾ ചെയ്യുന്ന സത്യവിശ്വാസികൾക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നതെന്ന കാര്യം നാം മനസ്സിലാക്കേണ്ടതും അത്തരം വിശ്വാസികളിൽ ഉൾപ്പെടാൻ വേണ്ടി നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

## 1. അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുന്നവർ

الَّذِينَ يَحْمِلُونَ الْعَرْشَ وَمَنْ حَوْلَهُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيُؤْمِنُونَ بِهِ وَيَسْتَغْفِرُونَ لِلَّذِينَ آمَنُوا رَبَّنَا وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَعِلْمًا فَاغْفِرْ لِلَّذِينَ تَابُوا وَاتَّبَعُوا سَبِيلَكَ وَقِهِمْ عَذَابَ الْجَحِيمِ ﴿٧﴾ رَبَّنَا وَأَدْخِلْهُمْ جَنَّاتِ عَدْنٍ الَّتِي وَعَدتَّهُمْ وَمَن صَلَحَ مِنْ آبَائِهِمْ وَأَزْوَاجِهِمْ وَذُرِّيَّاتِهِمْ إِنَّكَ أَنتَ الْعَزِيزُ الْحَكِيمُ ﴿٨﴾ وَقِهِمُ السَّيِّئَاتِ وَمَن تَقِ السَّيِّئَاتِ يَوْمَئِذٍ فَقَدْ رَحِمْتَهُ وَذَٰلِكَ هُوَ الْفَوْزُ الْعَظِيمُ ﴿٩﴾ (غافر)

**തെറ്റുകൾ സംഭവിക്കുകയെന്നത് മനുഷ്യ സഹജമാണ്.**

عَنْ أَنَسٍ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : كُلُّ بَنِي آدَمَ خَطَّاءٌ، وَخَيْرُ الْخَطَّائِينَ التَّوَّابُونَ

**2. സ്വദഖ നൽകുന്നവർക്ക് വേണ്ടി.**

عَنْ أَبِي هُرَيْرَةَ -رضي الله عنه -أَنَّ النَّبِيَّ -صلى الله عليه وسلم -قَالَ : مَا مِنْ يَوْمٍ يُصْبِحُ العِبَادُ فِيهِ، إِلَّا مَلَكَانِ يَنْزِلَانِ، فَيَقُولُ أَحَدُهُمَا: اللَّهُمَّ أَعْطِ مُنْفِقًا خَلَفًا، وَيَقُولُ الآخَرُ: اللَّهُمَّ أَعْطِ مُمْسِكًا تَلَفًا (البخاري)

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: എല്ലാ ദിവസവും പ്രഭാതത്തിൽ രണ്ട് മലക്കുകൾ ഇറങ്ങിവരികയും എന്നിട്ട് അവരിൽ ഒരു മലക്ക് അല്ലാഹുവേ, (സമ്പത്ത് നല്ലകാര്യത്തിന്) ചിലവ് ചെയ്യുന്നവന് നീ പകരം കൊടുക്കേണമേ എന്നും മറ്റേ മലക്ക് അല്ലാഹുവേ, ചെലവഴിക്കാത്തവന് (പിശുക്ക് കാണിക്കുന്നവന്) നീ നാശം ഉണ്ടാക്കണമേ എന്നും പ്രാർത്ഥിക്കുന്നതാണ്.(ബുഖാരി–മുസ്ലിം)

**3. നമസ്കാരത്തിൽ ഇമാം ഫാത്തിഹ ഓതി ആമീൻ ചൊല്ലുമ്പോൾ**

عَنْ أَبِي هُرَيْرَةَ، أَنَّ النَّبِيَّ صلى الله عليه وسلم قَالَ إِذَا أَمَّنَ الإِمَامُ فَأَمِّنُوا فَإِنَّهُ مَنْ وَافَقَ تَأْمِينُهُ تَأْمِينَ الْمَلاَئِكَةِ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ . وَقَالَ ابْنُ شِهَابٍ وَكَانَ رَسُولُ اللَّهِ صلى الله عليه وسلم يَقُولُ آمِينَ

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഇമാം 'ആമീൻ' ചൊല്ലിയാൽ നിങ്ങളും ആമീൻ ചൊല്ലുവിൻ. ഒരാളുടെ ആമീൻ ചൊല്ലൽ മലക്കുകളുടെ ആമീൻ ചൊല്ലലുമായി ഒത്തുവന്നാൽ അവൻ ചെയ്തുപോയ പാപങ്ങൾ പൊറുക്കപ്പെടും.(ബുഖാരി)

**4. തന്റെ സഹോദരനുവേണ്ടി അവന്റെ അഭാവത്തിൽ പ്രാർത്ഥിക്കുന്നവൻ**

عَنْ أُمِّ الدَّرْدَاءِ، قَالَتْ حَدَّثَنِي سَيِّدِي، أَنَّهُ سَمِعَ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ : مَنْ دَعَا لأَخِيهِ بِظَهْرِ الْغَيْبِ قَالَ الْمَلَكُ الْمُوَكَّلُ بِهِ آمِينَ وَلَكَ بِمِثْلٍ (مسلم)

ഉമ്മുദ്ദർദ്ദാഅ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞത് കേട്ടതായി എന്റെ ഭർത്താവ് എന്നോട് പറഞ്ഞു: തന്റെ സഹോദരനുവേണ്ടി അവന്റെ അസാന്നിധ്യത്തിൽ ആരാണൊ പ്രാർത്ഥിക്കുന്നത്,അന്നേരം അതുകൊണ്ട് ഭരമേൽപ്പിക്കപ്പെട്ട മലക്ക് പറയും: ആമീൻ, അതുപോലുള്ളത് നിനക്കും ഉണ്ടാവട്ടെ (മുസ്‌ലിം)

- നമ്മുടെ സഹോദരന്റെ പ്രയാസങ്ങൾ മാറുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രയാസങ്ങൾ മാറുന്നതിന് വേണ്ടി മലക്കുകൾ പ്രാർത്ഥിക്കുന്നു.
- അവന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി മലക്കുകൾ പ്രാർത്ഥിക്കുന്നു.

**5. സുബ്ഹി, അസ്ർ ജമാഅത്തായി നമസ്കരിച്ചവൻ**

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : يَتَعَاقَبُونَ فِيكُمْ مَلاَئِكَةٌ بِاللَّيْلِ وَمَلاَئِكَةٌ بِالنَّهَارِ، وَيَجْتَمِعُونَ فِي صَلاَةِ الْفَجْرِ وَصَلاَةِ الْعَصْرِ، ثُمَّ يَعْرُجُ الَّذِينَ بَاتُوا فِيكُمْ، فَيَسْأَلُهُمْ وَهْوَ أَعْلَمُ بِهِمْ كَيْفَ تَرَكْتُمْ عِبَادِي فَيَقُولُونَ تَرَكْنَاهُمْ وَهُمْ يُصَلُّونَ، وَأَتَيْنَاهُمْ وَهُمْ يُصَلُّونَ (بخاري)

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: രാത്രിയും പകലും നിങ്ങളുടെ അടുക്കലേക്ക് മലക്കുകൾ മാറി മാറി വന്നു കൊണ്ടിരിക്കും. എന്നിട്ട് അസ്ർ നമസ്കാരവേളയിലും സുബ്ഹി നമസ്കാരവേളയിലും അവരെല്ലാവരും സമ്മേളിക്കും. പിന്നീട് നിങ്ങളോടൊപ്പം താമസിക്കുന്നവർ മേൽപോട്ട് കയറിപ്പോകും. അന്നേരം അല്ലാഹു അവരോട് ചോദിക്കും. ആ ദാസൻമാരെക്കുറിച്ച് അല്ലാഹുവിന് പരിപൂർണ്ണജ്ഞാനമുള്ളതോടു കൂടി എന്റെദാസൻമാരെനിങ്ങൾവിട്ടുപോരുമ്പോൾ അവരുടെ സ്ഥിതിയെന്തായിരുന്നു. അന്നേരം മലക്കുകൾ പറയും: ഞങ്ങൾ ചെന്നപ്പോൾ അവർ നമസ്കരിക്കുകയായിരുന്നു. തിരിച്ച് പോരുമ്പോഴും അവർ നമസ്കരിക്കുക തന്നെയാണ്. (ബുഖാരി)

- **ഇന്ന് നമ്മളിൽ എത്ര പേർക്ക് സുബ്ഹി ജമാഅത്ത് ലഭിച്ചു .**

لَنْ يَلِجَ النَّارَ أَحَدٌ صَلَّى قَبْلَ طُلُوعِ الشَّمْسِ، وَقَبْلَ غُرُوبِهَا " يَعْنِي الْفَجْرَ وَالْعَصْرَ

- **അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മു മക്തൂമിന്റെ ചരിത്രം.**

### 6. നമസ്കാരത്തിൽ ഒന്നാമത്തെ സ്വഫുകാർക്ക്

عَنِ الْبَرَاءِ بْنِ عَازِبٍ -رضي الله عنه -قَالَ: كَانَ رَسُولُ اللَّهِ -صلى الله عليه وسلم -يَقُولُ): إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى الصُّفُوفِ الْأُوَلِ (رواه أبو داود وصححه الألباني في صحيح الجامع)

നബി പറഞ്ഞു:ഒന്നാമത്തെ സ്വഫുകാരുടെ മേൽ അല്ലാഹുവും മലക്കുകളും സ്വലാത്ത് ചൊല്ലുന്നതാണ്. (ഇബ്നുമാജ)

### 7. നമസ്കാരത്തിൽ സ്വഫുകളിൽ വലത് ഭാഗത്തുള്ളവർക്ക്

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ اللَّهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى مَيَامِنِ الصُّفُوفِ

ആയിശ (റ) വിൽ നിവേദനം: നബി പറഞ്ഞു: നിശ്ചയം, അല്ലാഹു സ്വഫുകളിൽ വലത് ഭാഗത്തുള്ളവരുടെമേൽ അനുഗ്രഹം ചൊരിയുന്നു. മലക്കുകൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. (അബൂദാവൂദ്)

### 8. രോഗ സന്ദർശനം നടത്തിയാൽ

عَنْ عَلِيٍّ، قَالَ مَا مِنْ رَجُلٍ يَعُودُ مَرِيضًا مُمْسِيًا إِلاَّ خَرَجَ مَعَهُ سَبْعُونَ أَلْفَ مَلَكٍ يَسْتَغْفِرُونَ لَهُ حَتَّى يُصْبِحَ وَكَانَ لَهُ خَرِيفٌ فِي الْجَنَّةِ وَمَنْ أَتَاهُ مُصْبِحًا خَرَجَ مَعَهُ سَبْعُونَ أَلْفَ مَلَكٍ يَسْتَغْفِرُونَ لَهُ حَتَّى يُمْسِيَ وَكَانَ لَهُ خَرِيفٌ فِي الْجَنَّةِ

അലി (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഒരുമുസ്ലിം മറ്റൊരു മുസ്ലിമിനെ വൈകുന്നേര പ്രഭാത സമയത്ത് രോഗ സന്ദർശനം നടത്തിയാൽ പ്രഭാതം വരെ എഴുപതിനായിരം മലക്കുകൾ അവന് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നതാണ്. അവന് സ്വർഗ്ഗത്തിൽ ഫലസമൃദ്ധമായ തോട്ടമുണ്ട്.പ്രഭാത സമയത്താണ് ഒരാൾ മുസ്ലിമിനെ രോഗ സന്ദർശനം നടത്തുന്നതെങ്കിൽ, എഴുപതിനായിരം മലക്കുകൾ വൈകുന്നേരം വരെ അവന് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നതാണ്. അവന് സ്വർഗ്ഗത്തിൽ ഫലസമൃദ്ധമായ തോട്ടമുണ്ട്. (അബൂദാവൂദ്)

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.
https://t.me/joinchat/ScQonQalrhJoZcA_